# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 988** **30.10.2019 ലെ മറുപടി**

## തിരുവനന്തപുരം മണ്ഡലത്തിൽ കടൽഭിത്തികളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മട്ടവം മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കരിശ്ശടി, വേളാങ്കണ്ണി കടൽപ്പുറം, ബീമാപ്പള്ളി ,മാമൂട്ടുവിളാകം, തൈയ്യാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിൽ കാലപ്പഴക്കം മൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>(ബി) കടൽക്ഷോഭം രൂക്ഷമാകുന്ന ആശാങ്കാജനകമായ സാഹചര്യം കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വലിയതുറ കടൽപ്പാലത്തിന് തെക്ക് ഭാഗത്തായി 47 മീ.നീളത്തിൽ 35 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും, ചെറിയതുറ കരിശടിയുടെ വടക്കുഭാഗത്തായി 50 മീ. നീളത്തിൽ 37 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ബീമാപള്ളി ഭാഗത്ത് 1245 മീ. നീളത്തിൽ 15 പുലിമുട്ടുകളുടെ 1670 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കി വരുന്നു. വലിയതുറ ഗ്രൗണ്ടിന്റെ വടക്കുഭാഗത്തായി 100 മീറ്റർ നീളത്തിൽ 77 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കി വരുന്നു. പൂന്തുറ ഗ്രോയിൻസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 946 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടിയെടുത്തു വരുന്നു.<br><br>അടിയന്തിര കടലാക്രമണം പ്രതിരോധിക്കുന്നതിനുള്ള ആറ് പ്രവൃത്തികൾക്ക് 18 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 25.06.19 ന് നൽകുകയും ടി പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)21/19/ജവിവ. തീയതി 15.06.19 പ്രകാരം തിരുവനന്തപുരം ജില്ലക്ക് 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി 264.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**